# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. 278 — 21.12.2012-ലെ മറുപടിക്ക്

## കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും നേരിടുന്ന സാമ്പത്തിക പ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.ജി.സുധാകരൻ<br>ശ്രീ.എ.പ്രദീപ്കുമാർ<br>ശ്രീ.എസ്.രാജേന്ദ്രൻ | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
| എ) കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും നേരിടുന്ന സാമ്പത്തിക പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) എങ്കിൽ ഇതു സംബന്ധിച്ച പരിശോധന നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ; | ബി) ഉണ്ട്. പല നഗരസഭകളും മുനിസിപ്പൽ കോമൺ സർവ്വീസിലുള്ള ജീവനക്കാർക്ക് പി.എഫ്, പെൻഷൻ എന്നിവ വിതരണം ചെയ്യുന്നതിന് ബുദ്ധിമുട്ടുന്നതായി ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. മുനിസിപ്പൽ കോമൺ സർവ്വീസിലുള്ള ജീവനക്കാർക്ക് പെൻഷൻ നൽകുന്നത് സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നാണ്. ഓരോ മാസവും 25-ാം തീയതിയ്ക്കകം നഗരസഭകളിലെ ജീവനക്കാരുടെ ശമ്പളത്തിൽ 15% തുക പിടിച്ച് ടി ഫണ്ടിൽ പെൻഷൻ കോൺട്രിബ്യൂഷൻ ആയി നൽകേണ്ടതാണ്. സാമ്പത്തിക |

ബുദ്ധിമുട്ടുകൾ കാരണം പല നഗരസഭകളും ഇപ്രകാരം തുക കൃത്യമായി ഒടുക്കുന്നില്ല. ആയതിന്റെ ഫലമായി ഇപ്പോഴത്തെ കണക്ക് അനുസരിച്ച് 85.19 കോടി രൂപ ടി ഫണ്ടിലേക്ക് മുനിസിപ്പാലിറ്റികളിൽ നിന്നും ലഭിക്കാനുണ്ട്. പെൻഷൻ അനുവദിച്ച് നൽകുന്നതിനായി 191.26 കോടി രൂപ മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും ഇപ്പോൾ നൽകുവാനുണ്ട്. ഇതാണ് ഇപ്പോൾ നഗരസഭകൾ നേരിടുന്ന പ്രധാന സാമ്പത്തിക പ്രതിസന്ധി.

| | |
|---|---|
| സി) കോർപ്പറേഷൻ അതിർത്തിയിൽപ്പെട്ട കെട്ടിടങ്ങൾക്ക് , മാലിന്യ നിർമ്മാർജ്ജന സൗകര്യങ്ങൾ ഒരുക്കുന്നുവെങ്കിൽ നികുതിയിളവ് അനുവദിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ; ഇത് നഗരസഭയുടെ സാമ്പത്തിക സ്ഥിതി വഷളാക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ; നികുതി ഇനത്തിൽ നഗരസഭക്ക് ഉണ്ടാകുന്ന കുറവ് നികത്താൻ സർക്കാർ നടപടിയെടുക്കുമോ ; | സി) സംസ്ഥാനത്തെ വീടുകളിൽ ബയോ കമ്പോസ്റ്റ്, ബയോ ഗ്യാസ് പ്ലാന്റ് എന്നിവ സ്ഥാപിക്കുന്ന വീട്ടുടമകൾക്ക് വീട്ടുകരത്തിൽ 10% വരെ ഇളവ് അനുവദിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകിയിട്ടുണ്ട്.<br>മാലിന്യ സംസ്ക്കരണത്തിനായി നഗരസഭകൾ ചെലവിടേണ്ടി വന്നേക്കാവുന്ന തുകയുമായി താരതമ്യം ചെയ്താൽ ഇതു വലിയ കുറവാകാനിടയില്ലാത്തതിനാൽ നഗരസഭയുടെ സാമ്പത്തിക സ്ഥിതി വഷളാകുമെന്ന് കരുതുന്നില്ല. |
| ഡി) സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിന് സർക്കാർ തലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നറിയിക്കുമോ ? | ഡി) നഗരസഭകളുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിയ്ക്കുന്നതിന് ഓരോ നഗരസഭയ്ക്കും 50 ലക്ഷം രൂപ വീതം ഉപാധി രഹിത ഫണ്ടായും, |

കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ചിരുന്നു. കൂടാതെ പുതുതായി രൂപീകരിച്ച നഗരസഭകൾക്ക് 1 കോടി രൂപ വീതം നേരത്തേ അനുവദിച്ചിട്ടുണ്ട്. നഗരസഭകൾ ഉൾപ്പെടെയുള്ള തദ്ദേശ സ്ഥാപനങ്ങളെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഫീ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുമുണ്ട്. കൂടാതെ കെട്ടിട നികുതി പരിഷ്ക്കരണം നടത്തുന്നതോടെ അതനുസൃതമായി തനത് വരുമാന വർധന ഉണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ